# മോശ

## (നോവൽ-6)

ജോൺ ഇളമത

ഞാൻ അരയിലെ കത്തി ഊരി വൃദ്ധയെ മോചിപ്പിച്ചു.

അപ്പോൾ നഗരനിർമ്മാനത്തിന്റെ പ്രധാനശില്പിയായ ബാക്കർ എന്നോട് സ്വരം താഴ്ത്തി പറഞ്ഞു:



''പ്രഭോ, ഇത്തരം നിസ്സാരകാര്യങ്ങൾക്ക് പണിനിർത്തിവച്ചാൽ നഗരനിർമ്മാണം ഒരുകാലത്തും തീരാൻ പോകുന്നില്ല.''

ഞാൻ അയാളുടെ നേരെ കയർത്തു: ''നീ നഗരനിർമ്മാതാവോ, അതോ നരബലി ഇടുന്ന മൃഗമോ?

അപ്പോൾ മറ്റൊരു ആരോഗ്യദൃഢഗാത്രനായ അടിമയെ കെട്ടിയിട്ട് ചാട്ടുവാറുകൊണ്ടടിക്കുന്നതുകണ്ടു.

അവന്റെ കണ്ണുകളിലെ പ്രകാശവും ദയനീയതയും എന്നെ അങ്ങോട്ടേക്കാകർഷിച്ചു.

''എന്തിനാണ് ഇവനെ പ്രഹരിക്കുന്നത്?''

അതിനുത്തരം പറഞ്ഞത് ബാക്കറിന്റെ ആജ്ഞാനുവർത്തിയായ മറ്റൊരുപടനായകനായിരുന്നു.

''ഇവൻ കല്ലുവെട്ടുകാരനായ ജോഷ്വാ. അടിമകളുടെ നേതാവാക്കി ഇവന് കുറെ സ്വാതന്ത്ര്യം കൊടുത്തിരുന്നതാണ്. എന്നാൽ കല്ലിനടിയിപ്പെടാൻ പോകുന്ന സ്ത്രീയെ രക്ഷിക്കാൻ വേണ്ടി ൽവൻ മുകളിലെ തൊട്ടിയിൽ നിന്ന് കയറുവഴി ഇറങ്ങിവന്ന് രണ്ട് ഭടന്മാരെ മർദ്ദിച്ചു.''

''അഴിച്ചുവിടൂ, അവനെ!

ഞാൻ ജോഷ്വായെ ഉറ്റുനോക്കി സഗൗരവം ചോദിച്ചു:

‘‘നീ ആണോ നീതീപാലകൻ!’’

‘‘അല്ല, എന്റെ ദൈവം, യഹോവ.’’

‘‘ആരാണ് യഹോവ?’’
‘‘യഹോവ മനുഷ്യനെ സൃഷ്ടിച്ചു.’’

ഞാൻ അവനെ തറച്ചുനോക്കി: ‘‘നിന്റെ ദൈവമായ യഹോവ എന്തു കൊണ്ട് നിന്റെ തോളിൽ ഒരടിമയുടെ ഭാരം കെട്ടിവച്ചു?’’
പെട്ടെന്ന് ജോഷ്വായുടെ കണ്ണുകൾ പ്രകാശിച്ചു. അവൻ ശാന്തനായി മൊഴിഞ്ഞു:

‘‘അവൻ ഞങ്ങൾക്കു വേണ്ടി ഒരു പ്രവാചകനെ അയക്കുന്നുണ്ട്. അവൻ ഈജിപ്റ്റിനെയും ഫറവോയെയും വിറപ്പിക്കും. എബ്രായക്കാരായ അടിമകളുടെ രക്ഷകനായിരിക്കും അവൻ.’’

‘‘നിന്റെ ദൈവമായ യഹോവയെ എനിക്കറിയില്ല. അങ്ങനെ ഒരു ദൈവം ഉണ്ടായിരുന്നെങ്കിൽ അടിമവർഗ്ഗംതന്നെ ഉണ്ടാവില്ലായിരുന്നു.’’
എങ്കിലും വിയർപ്പു ചിന്തുന്ന അടിമകൾക്ക് ഞാൻ പല സ്വാതന്ത്ര്യങ്ങളും അനുവദിച്ചുകൊടുത്തു.

അന്ധകാരത്തിന്റെ ദേവതയെ പ്രീതിപ്പെടുത്താൻ ധാന്യങ്ങൾശേഖരിച്ചു വച്ചിരിക്കുന്നത് അപ്പോഴാണ് ഞാൻ അറിയുന്നത്.

വിശക്കുന്ന അടിമകളെ പട്ടിണിക്കിട്ട് ദുർമന്ത്രവാദങ്ങൾക്കു ചരടുപിടിക്കുന്ന ദേവനെ പ്രീതിപ്പെടുത്താൻ അറകളിൽ ധാന്യങ്ങൾ പൂട്ടിവെച്ചിരിക്കുന്നു!

മഹാപുരോഹിതനായ ജാനസിന്റെ തട്ടിപ്പുകശാണെല്ലാം. കല്ലിൽ കൊത്തിവെച്ച വൃത്തികെട്ട ഒരു വിഗ്രഹം. കഴുകന്റെ തലയും മനുഷ്യന്റെ ഉടലുമുള്ള വിഗ്രഹം! ആ വിഗ്രഹത്തിന്റെ മറവിലാണ് ജാനസിന്റെ മന്ത്രവിദ്യാളും തട്ടിപ്പുകളും. ഫറവോമാർ എക്കാലത്തും മഹാപുരോഹിതന്മാരുടെ ദണ്ഡിലാടുന്ന കളിപ്പാവകളും. ഈ സ്ഥിതികൾക്കൊക്കെ ഒരു മാറ്റം വന്നേ മതിയാവൂ.

ആ അമ്പലത്തിന്റെ വേലിക്കെട്ടുപൊളിക്കാൻ ഞാൻ അടിമകൾക്ക് അനുവാദം കൊടുത്തു. അവർ അതിൽ ആവേശത്തോടെ പ്രവേശിച്ചു. അർദ്ധഗോളാകാരമായ അനേകം ധാന്യഅറകൾ വെട്ടിപ്പൊളിച്ചു.

ധാന്യം പ്രളയംപോലെ ഒഴുകി. അടിമകൾ ആവശ്യംപോലെ അതു സം ഭരിച്ച് വിശപ്പടക്കി സംതൃപ്തരായി.

റാംസ്സിസ്സിന്റെ ചെവിയിൽ വിവരം എത്തി. അവനെന്നെ തകർക്കാൻ ത ക്കം കാത്തുകഴിയുകയായിരുന്നു.

അവൻ നുണകൾ ഏച്ചുകെട്ടി ഫറവോ സേത്തിയുടെ ചെവികളിൽ വിവരം ഉണർത്തിച്ചു.

മന്ത്രവാദികൾ നടുങ്ങി. മഹാപുരോഹിതനായ  ജാനസ് കോപംകൊണ്ട് വിറച്ചു.

ഈജിപ്തിന്റെയും ഫറവോന്റെയും മേൽ ശാപം വീഴാതിരിക്കാൻ ഹോമങ്ങൾ നടത്തണമെന്ന് അയാൾ പ്രവചിച്ചു.

ഫറവോ സേത്തി കുപിതനായെങ്കിലും പെട്ടെന്നടങ്ങി. അദ്ദേഹത്തിന്റെ ചിന്തയിൽ ഞാൻ ബുദ്ധിമാനും ഭരണസാമർത്ഥ്യമുള്ളവനുമായിരുന്നു.

ഫറവോ സേത്തി ഞാൻ അദ്ദേഹത്തിന്റെ ജുബിലിക്കു പണിതുയർത്തു ന്ന നഗരം കാണാൻ പത്തി.

പണിയുടെ തിരക്കിലായിരുന്നു ഞാൻ. അദ്ദേഹം അടുത്തെത്തിയതു പോലും അറിഞ്ഞില്ല.

ഫറവോന്റെ സ്വരം ഉയർന്നു:

‘‘നിന്നെപ്പറ്റി റാംസ്സിസ് പറഞ്ഞതെല്ലാം ശരിയാണെന്ന് എനിക്കിപ്പോൾ തോന്നുന്നു. ഞാൻ എഴുന്നള്ളിവന്നിട്ടുപോലും നിനക്കൊരു കൂസലു മില്ല’’

‘‘രാജാക്കന്മാരുടെ രാജാവായ ഫറവോ, ഞാൻ നിനക്കുവേണ്ടി നഗരം പണിയുന്ന തിരക്കിലായിരുന്നു. നിന്റെ ജൂബിലിക്കിനി അധികനാളുക ളില്ലല്ലോ?

അടിമകൾ കരിങ്കല്ലിന്റെ ഒരു വലിയ സ്തൂപം മുകളിലേക്കുയർത്തുക യായിരുന്നു. കപ്പിയും കയറുമുപയോഗിച്ച. കണക്കുകൂട്ടൽ തെറ്റാതെ ഉ യർത്താൻ ഞാൻ അവർക്കു നിർദ്ദേശം കൊടുത്തുകൊണ്ടേയിരുന്നു. സിറിയയിൽ നിന്നും ഗ്രീസിൽ നിന്നുമൊക്കെ കരസ്ഥമാക്കിയ നഗര നിർമ്മാണശില്പത്തിന്റെ അദ്ഭുത സിദ്ധികളാണ് ഞാൻ പ്രയോഗിച്ചിരി ക്കുന്നത്.

റാംസ്സിസ് എനിക്കെതിരെ കുറ്റാരോപണങ്ങൾ ഒന്നൊന്നായി നിരത്തി:

''പ്രഭോ, ഇവൻ അന്ധകാരത്തിന്റെ ദേവതയ്ക്ക് ബലി ഇട്ടിരിക്കുന്ന അറകൾ കുത്തിപ്പൊളിച്ച് അടിമകളെ ഊട്ടി അലസരാക്കി. ആറു ദിവസം പണിചെയ്യുന്ന അടിമകൾക്ക് ഏഴാം ദിവസം വിശ്രമംകൊടുത്തു. ഇവൻ അടിമകളെ നിനക്കെതിരായി നീക്കി നിന്നെ തകിടം മറിക്കാനുള്ള ശ്രമത്തിലാണ്.''

റാംസ്സിസ്സിന്റെ ബുദ്ധിയിൽ വിഷം കുത്തിവെയ്ക്കുന്നത് മഹാപുരോഹിതനായ ജാനസ്സും ഗവർണറായ ബാക്കറും കൂടിയാണെന്ന് എനിക്ക് അറിവുകിട്ടിയിട്ടുണ്ട്. ബാക്കറിന് അടിമയായ ഒരു ദാസനുണ്ട്. ദത്തൽ! ഒറ്റുകാരനും ചതിയനുമാണ്. അവനാണ് അടിയൊഴുക്കുകൾക്ക് ചരടുവലിക്കുന്നത്. എങ്കിലും ഒരു ഭിന്നപ്പും ഉണ്ടാകാതെ ഫറവോ സേത്തിയുടെ ഭരണകൂടത്തെ സേവിക്കാനായിരുന്നു എനിക്കിഷ്ടം!

ഞാൻ സൗമ്യയോടെ ഫറവോ സേത്തിക്കു മുമ്പിൽ ചില പരമാർത്ഥങ്ങൾ നിരത്തി:

''പട്ടിണിക്കിട്ട അടിമകൾക്ക് പണികുറച്ചേ ചെയ്യാൻ കഴിയൂ. എന്നാൽ വയറുനിറഞ്ഞ അടിമകൾ ആത്മാർത്ഥതയോടെ കൂടുതൽ പണികൾ ചെയ്യും.''

തുടർന്ന് ഞാൻ സേത്തിയുടെ മുമ്പിൽ ഒരു വലിയ ചോദ്യമുയർത്തി. അടിമകളെ മർദ്ദിച്ച് അവശരാക്കുകയും കൊല്ലുകയും ചെയ്താൽ ആര് ഇത്തരം കഠിനാദ്ധ്വാനം ചെയ്യും? അലസരും സുഖിമാന്മാരുമായ ഈജിപ്റ്റുകാരോ?

ഈജിപ്റ്റിലെ പൂഴിമണ്ണിൽ മണൽക്കാറ്റിൽ ഫറവോകളുടെ സ്വപ്നസ്വർഗ്ഗം ആരു പടുത്തുയർത്തും?''

ഫറവോ സേത്തി എന്റെ ചോദ്യംകേട്ട് വിയർത്തു.

ഞാൻ അദ്ദേഹത്തെ പണിനടന്നുകൊണ്ടിരുന്ന മറ്റൊരു ദിക്കിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ ഉയർന്ന ഒരു മട്ടുപ്പാവിൽ നിർത്തി.
താഴെ അടിമകൾ നുറടി ഉയരമുള്ള കൽപ്രതിമ വലിയ ഉരുളൻ തടികളുടെ മുകളിലൂടെ ഉയർത്തിക്കൊണ്ടുവരിയായിരുന്നു. സൂര്യന്റെ ചുട്ടുപഴുത്ത രശ്മികളിൽ അവരുടെ വിയർപ്പുതുള്ളികൾ രജഗോളങ്ങൾപോലെ തിളങ്ങി.

ഞാൻ ആ വലിയ പ്രതിമയെ ചൂണ്ടിപ്പറഞ്ഞു:

‘‘പ്രഭോ, ഇത് നിന്റെ പ്രതിമയാണ്. നിന്റെ പേരിൽ നിർമ്മിച്ചുവരുന്ന നഗരത്തിന്റെ മദ്ധ്യഭാഗത്ത് ഈ പ്രതിമ ഉയരും. ആയിരംവർഷം നിന്റെ പ്രതിമ ഒരു കേടുംകൂടാതെ നിൽക്കും. നഗരത്തിനുചുറ്റും നിരനിരയായി നിൽക്കുന്ന കൂറ്റൻ സിംഹപ്രതിമകൾ നിനക്കും നിന്റെ നഗരത്തിനും ആയിരംവർഷം കാവൽ നിൽക്കും. അതിനുചുറ്റും അതാന നിന്റെ നഗരത്തിനപ്പുറം ഈജിപ്റ്റിന്റെ ദേവനായ സുക്കാറിന് നീ പണിയിക്കുന്ന ക്ഷേത്രം! ഈജിപ്റ്റിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള ക്ഷേത്രങ്ങളുടെ മുൻനിരയിൽ നിൽക്കും. ചിത്രകലയിലും നിർമ്മാണത്തിലും. അതിനുചുറ്റും മരുഭൂമിയിലെ കുറുക്കാന്മാരുടെ വലിയ പ്രതിമകൾ കാവലിരിക്കും.’’

ഫറവോ സേത്തി സ്വന്തം പ്രതിഛായയിലുള്ള ഭീമാകാരമായ കരിങ്കൽ ശില്പംകണ്ട് അദ്ഭുതംകൂറി നിന്നു.

അപ്പോൾ അദ്ദേഹം ഫറവോമാരുടെ മുൻനിരയിൽ വിരാജിക്കുന്ന ഒരു കൂറ്റൻ പിരമിഡു കണ്ടു.

അതിനുമുമ്പിൽ ചാഞ്ഞുകിടക്കുന്ന കൂറ്റൻ സിംഹം! തന്റെ സ്വന്തം തല പേറിയ ഒരു കൂറ്റൻ സിംഹം!!

(തുടരും....)

****************************************